(സി) മേൽവിവരിച്ച എല്ലാ ഘടകങ്ങളുടെയും പൂർത്തീകരണത്തോടുകൂടി ഈ പദ്ധതിയുടെ ആവശ്യമുള്ള വിതരണ കുഴലുകളും പമ്പ്സെറ്റും സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് 2004 ഡിസംബർ മാസത്തോടുകൂടി ഈ പദ്ധതി കമ്മിഷൻ ചെയ്യാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ഒറ്റപ്പാലത്ത് വാണിയംകുളം പഞ്ചായത്തിലെ ശുദ്ധജല പദ്ധതി

99 (2377) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത ശുദ്ധജല പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലെത്തി ;

(സി) ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ 98,000 ലിറ്റർ ശേഷിയുള്ള സമ്പ്-കം-പമ്പ് ഹൗസിന്റേയും 6.2 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയുടേയും ഗ്രാവിറ്റി മെയിൻ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പാലക്കാട്-കുളപ്പുള്ളി ദേശീയപാതയുടെ വിപുലീകരണത്തോടനുബന്ധിച്ച് ഈ റോഡിന്റെ പാർശ്വത്തിൽ സ്ഥിതിചെയ്യുന്ന സമ്പ്-കം-പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതുമൂലം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ മേൽപ്പറഞ്ഞ തടസ്സങ്ങൾ പമ്പ്ഹൗസ് മാറ്റാതെ തന്നെ നീങ്ങിക്കിട്ടിയിട്ടുണ്ട്. പദ്ധതിയുടെ പമ്പിംഗ് മെയിനും മറ്റു ഗ്രാവിറ്റിമെയിനും മേൽപ്പറഞ്ഞ റോഡരികിൽ നിർമ്മിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുവേണ്ട അംഗീകാരം പി.ഡബ്ല്യു.ഡി.-യിൽ നിന്നും ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതാണ്.

(സി) കാലപരിധി നിശ്ചയിച്ചിട്ടുണ്ട് ; 2004, മാർച്ച്.

കൂടൽക്കടവ് പദ്ധതി

100 (T2378) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സ്ഥലങ്ങളിൽ കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടിയാണ് കൂടൽക്കടവ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത് ;

(ബി) അതിന്റെ പണി എന്നാരംഭിച്ചു ;

(സി) അതിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly